# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6263** **20.11.2019 ലെ മറുപടി**

## കരമനയാറിന്റെ തീരസൗന്ദര്യവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. രാജഗോപാൽ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |

നേമം മണ്ഡലത്തിലൂടെ കടന്നുപോകുന്ന കരമനയാറിന്റെ, കരമന ഭാഗങ്ങളിൽ നദീതീര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിച്ച നടപ്പാതയുടേയും പാർക്കിന്റെയും പ്രവൃത്തികൾ കൂടുതൽ വികസിപ്പിക്കുന്നതിനും അത് ഉപയോഗിക്കുന്നവർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനും സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

കരമനയാറിന്റെ നദീതീര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ (പൈലറ്റ്) ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട്- ആഴാങ്കൽ ജംഗ്ഷനിൽ കരമന നാഷണൽ ഹൈവേ റോഡ് പാലത്തിന്റെ ഇടതുവശത്തെ ബണ്ട് റോഡിന്റെ മെയിന്റനൻസ് പ്രവൃത്തികൾ | 120 ലക്ഷം രൂപ | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | ബയോഡൈവേഴ്സിറ്റി പാർക്ക് - രണ്ടാം ഘട്ടം - കരമന, കാലടിയിൽ നടപ്പാത സ്വാഗത കവാടം, വേലി എന്നിവയുടെ നിർമ്മാണം | 65 ലക്ഷം രൂപ | 96% പൂർത്തീകരിച്ചു |

ഈ പദ്ധതികളുടെ തുടർനടത്തിപ്പും, ഭാവി വികസനവും തിരുവനന്തപുരം കോർപ്പറേഷനേയോ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനെയോ (ഡി.റ്റി.പി.സി) ഏല്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**